## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 90** **11-02-2025 - ൽ മറുപടിയ്ക്ക്**

### പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് മദ്യക്കമ്പനിക്ക് ജലം നൽകാനുള്ള തീരുമാനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് എഥനോൾ പ്ലാന്റ്, മൾട്ടി ഫീഡ് ഡിസ്റ്റിലേഷൻ യൂണിറ്റ്, ഇന്ത്യൻ നിർമ്മിത വിദേശമദ്യ ബോട്ടിലിങ് യൂണിറ്റ്, ബ്രൂവറി, മാൾട്ട് സ്പിരിറ്റ് പ്ലാന്റ്, ബ്രാണ്ടി/വൈനറി പ്ലാന്റ് എന്നിവ ആരംഭിക്കുന്നതിന് ഒയാസിസ് കമേർഷ്യൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ആവശ്യമായ വെള്ളം ലഭ്യമാക്കാൻ ജല അതോറിറ്റിയുമായി ധാരണയിൽ എത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (എ) | M/s. ഒയാസിസ് കമേർഷ്യൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയ്ക്ക് പൊതുമേഖല എണ്ണ കമ്പനികളുടെ എഥനോൾ ഉത്പാദനവുമായി ബന്ധപ്പെട്ട ടെൻഡർ നടപടികളിൽ പങ്കെടുക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിയുടെ പാലക്കാട് സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും 16.06.2023 ന് ഒരു സാക്ഷ്യപത്രം നല്കിയിരുന്നു. കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്കിലേക്ക് വേണ്ടി മാത്രം നിർമ്മിക്കാൻ പോകുന്ന 10 MLD വ്യാവസായിക കുടിവെള്ള പദ്ധതിയിൽ നിന്നും M/s. ഒയാസിസ് കമേർഷ്യൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയ്ക്ക് ജലം ലഭിക്കാവുന്നതാണെന്നും സൂചിപ്പിച്ചിരുന്നു. പ്രസ്തുത കമ്പനിയും കേരള വാട്ടർ അതോറിറ്റിയുമായി യാതൊരുവിധ ധാരണയോ ധാരണാപത്രമോ ഉണ്ടാക്കിയിട്ടില്ല. |
| (ബി) | ഇത് സംബന്ധിച്ച കരാറിന്റെ വിശദാംശം ലഭ്യമാക്കുമോ; എന്തൊക്കെ വ്യവസ്ഥകളാണ് ജല അതോറിറ്റി ഈ കരാറിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | ബാധകമല്ല. |
| (സി) | ഏതൊക്കെ പദ്ധതികളിൽ നിന്നാണ് ജല അതോറിറ്റി പ്രസ്തുത കമ്പനിക്ക് ജലം നൽകാൻ ധാരണയായതെന്ന് വ്യക്തമാക്കാമോ? | (സി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ